## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1504 07.06.2018-ൽ മറുപടിയ്ക്ക്

### പൊതു ആവശ്യങ്ങൾക്കായി കൃഷിയ്ക്ക് ആഘാതം സംഭവിക്കാത്ത സ്ഥലങ്ങളിലെ നിർമ്മാണ അനുമതി

ചോദ്യം :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

മറുപടി :

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) പൊതു ആവശ്യങ്ങളുടെ വിഭാഗത്തിൽ റോഡ്, പാലം, ആശുപത്രികൾ എന്നിവയുടെ നിർമ്മാണ അനുമതിയ്ക്കായ് ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി പൊതു ആവശ്യത്തിനായി രൂപാന്തരപ്പെടുത്തുന്നതിന് പ്രാദേശിക നിരീക്ഷണ സമിതികളിൽ അപേക്ഷ സമർപ്പിക്കേണ്ടതും ടി പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല നിരീക്ഷണ സമിതി തീരുമാനം കൈക്കൊള്ളുന്നതുമാണ്. 2017 ലെ 41-ാം നമ്പർ ഓർഡിനൻസ് 27 എ(8) പ്രകാരം പൊതു ആവശ്യങ്ങൾക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത് സമീപത്ത് നെൽവയൽ ഏതെങ്കിലുമുണ്ടെങ്കിൽ അതിലേക്കുള്ള സുഗമമായ നീരൊഴിക്കിനെ തടസ്സപ്പെടുത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചു കൊണ്ട് ആർ.ഡി.ഒ മാർ സർക്കാരിന് റിപ്പോർട്ട് നൽകുകയും ആയത് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ജല സംരക്ഷണ നടപടികൾ നിർദ്ദേശിക്കുന്നതുമാണ്.

(ബി) നിലവിൽ കൃഷി ഭൂമിയല്ലാത്ത സ്ഥലങ്ങളിലും കൃഷിയ്ക്ക് ആഘാതം സംഭവിക്കാത്ത സ്ഥലങ്ങളിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുടെ ഗണത്തിൽപ്പെടുന്ന റോഡിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ ഇല്ലാത്ത കാരണങ്ങൾ

(ബി) ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധിക്കുന്നതാണ്.

| | | |
|---|---|---|
| | പറഞ്ഞ് നിരസിക്കുന്ന കാര്യം പരിശോധിക്കുമോ; | |
| (സി) | മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ പൊതു ആവശ്യത്തിനായി ലഭിച്ച അപേക്ഷകൾ എത്ര; ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) മലപ്പുറം ജില്ലയിൽ 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. |
| (ഡി) | പരിശോധനയ്ക്കായി എത്തുന്ന ഉദ്യോഗസ്ഥർ പ്രദേശത്തിന്റെ അവസ്ഥയോ സാഹചര്യമോ പഠിക്കാതെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്ന കാര്യം പരിശോധിക്കുമോ; | (ഡി) പരിശോധിക്കുന്നതാണ്. |
| (ഇ) | ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനിലം – വെണ്ടല്ലൂർ റോഡിന്റെ ആവശ്യം റവന്യൂ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ; | (ഇ) പരിശോധിച്ചിട്ടുണ്ട്. ഇരിമ്പിളിയം പഞ്ചായത്തിലെ തിരുനിലം-വെണ്ടല്ലൂർ റോഡിന്റെ നിർമ്മാണം നെൽവയലിലൂടെ ആയതിനാൽ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ നൽകാവുന്നതാണെന്ന് കാണിച്ച് 27/07/2018 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് എന്നിവർക്ക് മലപ്പുറം ജില്ലാ കളക്ടർ മറുപടി നൽകിയിട്ടുണ്ട്. |
| (എഫ്) | റോഡ് നിർമ്മാണത്തിന് വേണ്ട അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**